# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2024 ഡിസംബർ 10**

---

പ്രഭാഷണം ഇന്ന്

## വേണു രാജാമണി കെ.പി.എസ് മേനോൻ ചെയർ പ്രഫസർ

*മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ കെ.പി.എസ് മേനോൻ ചെയർ ഫോർ ഡിപ്ലോമാറ്റിക് സ്റ്റഡീസിന്റെ ചെയർ പ്രൊഫസർ ആയി മുൻ നയതന്ത്ര ഉദ്യോഗസ്ഥൻ വേണു രാജാമണിയെ നിയോഗിച്ചു. നെതർലാൻഡ്സിലെ ഇന്ത്യൻ അംബാസഡറും ദുബായിലെ ഇന്ത്യൻ കോൺസൽ ജനറലുമായിരുന്ന വേണു ഹോങ്കോംഗ്, ബെയ്ജിംഗ്, ജനീവ, വാഷിങ്ടൺ തുടങ്ങിയ സ്ഥലങ്ങളിൽ നയതന്ത്ര രംഗത്ത് പ്രവർത്തിച്ചിട്ടുണ്ട്.*

*പ്രണബ് മുഖർജി രാഷ്ട്രപതിയായിരിക്കെ അദ്ദേഹത്തിന്റെ പ്രസ് സെക്രട്ടറിയയിരുന്നു. യശ്വന്ത് സിൻഹ വിദേശകാര്യ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഓഫീസിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിലവിൽ ന്യൂഡൽഹിയിലെ ഒ.പി. ജിൻഡാൽ യൂണിവേഴ്സിറ്റിയിൽ പ്രഫസർ ഓഫ് ഡിപ്ലോമാറ്റിക് പ്രാക്ടീസായി പ്രവർത്തിക്കുകയാണ്.*

*ഇന്ത്യയുടെ വിദേശകാര്യ നയത്തിൽ നിർണായക സംഭാവനകൾ നൽകിയ നയതന്ത്ര പ്രതിഭ കെ.പി.എസ് മേനോന്റെ സ്മരണ നിലനിർത്തുന്നതിനും അദ്ദേഹത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുമായി 2009 ലാണ് സർവകലാശാലയിൽ ചെയർ ഏർപ്പെടുത്തിയത്. നയതന്ത്രം, വിദേശകാര്യം, അന്താരാഷ്ട്ര ബന്ധങ്ങൾ തുടങ്ങിയ മേഖലകളിലെ പ്രഗത്ഭരെയാണ് ചെയർ പ്രഫസർമാരായി നിയോഗിക്കുന്നത്.*

*ചെയറിന്റെ ആഭിമുഖ്യത്തിലുള്ള ഈ വർഷത്തെ കെ.പി.എസ് മേനോൻ സ്മാരക പ്രഭാഷണം ഇന്ന്(ഡിസംബർ 11) വേണു രാജാമണി നിർവഹിക്കും. 'അസ്വാരസ്യങ്ങളുടെ ലോകത്തിൽ ഇന്ത്യയുടെ വിദേശകാര്യ നയ സാധ്യതകൾ' എന്നതാണ് രാവിലെ 11.30ന് സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ ന*

*ടക്കുന്ന പ്രഭാഷണത്തിന്റെ വിഷയം. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിക്കും. ഉച്ചകഴിഞ്ഞ് രണ്ടിന് 'നയയന്ത്രം എന്ന കല' എന്ന വിഷയത്തിൽ വേണു രാജാമണി സംസാരിക്കും.*

*(പി.ആർ.ഒ/39/1124/2024)*

## ഓണേഴ്സ് ബിരുദം; ആദ്യ സെമസ്റ്റർ മൂല്യനിർണയം തുടങ്ങി

*മഹാത്മാ ഗാന്ധി സർവകലാശാല 2024 ജൂലൈയിൽ ആരംഭിച്ച ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ(എം.ജി.യു-യു.ജി.പി ഓണേഴ്സ്) ഒന്നാം സെമസ്റ്റർ പരീക്ഷാ മൂല്യനിർണയം അതത് കോളജുകളിൽ ക്രമീകരിച്ച കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകളിൽ ആരംഭിച്ചു. സർവകലാശാലയിൽനിന്ന് നിയോഗിച്ച ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് ക്യാമ്പുകൾ പ്രവർത്തിക്കുന്നത്.*

*മൂല്യനിർണയത്തിന് മുന്നോടിയായി ഓരോ കോളജിലെയും എം.ജി.യു-യു.ജി.പി കോ-ഓർഡിനേറ്റർമാരായ അധ്യാപകർക്ക് സർവകലാശാല പരിശീലനം നൽകിയിരുന്നു. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ കോളജ് പ്രിൻസിപ്പൽമാരുമായി സംവദിക്കുകയും മൂല്യനിർണയം സംബന്ധിച്ച സംശയ നിവാരണം നടത്തുകയും ചെയ്തു.*

*ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ഫലത്തിനൊപ്പം വിദ്യാർഥികളുടെ കോഴ്സ് ഔട്ട്കം നേട്ടത്തിന്റെ ആർജ്ജിത ശതമാനം കൂടി ഉൾപ്പെടുത്തിയ മാർക്ക് ലിസ്റ്റുകളായിരിക്കും നൽകുകയെന്ന് പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത് അറിയിച്ചു.*

*(പി.ആർ.ഒ/39/1125/2024)*

## പ്രാക്ടിക്കൽ

*മൂന്നാം സെമസ്റ്റർ സിബിസിഎസ്(പുതിയ സ്കീം, 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ബിഎ കഥകളി സംഗീതം, മദ്ദളം പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 16 മുതലും ബിഎ മോഹിനിയാട്ടം പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി ഏഴു മുതലും തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

..............................

*മൂന്നാം സെമസ്റ്റർ എംഎസ്സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സിഎസ്എസ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒ*

*ക്ടോബർ 2024) പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 16 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

..............................

*അഞ്ചാം സെമസ്റ്റർ ബിവോക്ക് ബ്രോഡ്കാസ്റ്റിംഗ് ആന്റ് ജേർണലിസം (2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്-പുതിയ സ്കീം ഒക്ടോബർ 2024) പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി മൂന്നിന് കളമശ്ശേരി സെന്റ് പോൾസ് കോളേജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1126/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**